# അക്കാദമിക മാസ്റ്റർ പ്ലാൻ 2025- 26

## ശാന്തിനികേതൻ എൽ പി സ്കൂൾ

## മറവൻതുരുത്ത്

## ആമുഖം

നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായാണ് ഓരോ സ്കൂളും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഹ്രസ്വകാല, മദ്ധ്യമകാല, ദീർഘകാല കാഴ്ചപ്പാടുകളോടു കൂടിയ സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതിയാണിത്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയമാണ് ഇതിന്റെ അടിസ്ഥാനം. സാമൂഹികവും ഭൗതികവും അക്കാദമികവുമായ മേഖലകളുടെ വികസനം സാദ്ധ്യമാക്കുന്ന കർമ്മ പദ്ധതികളാണ് അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളുന്നത്.

പൊതുവിദ്യാലയങ്ങളിലേയ്ക്കെത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യ അവസരങ്ങൾ പ്രദാനം ചെയ്തു കൊണ്ട് ഉറപ്പാക്കുകയെന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രഥമലക്ഷ്യം. സമൂഹത്തിന്റെ അർത്ഥപൂർണമായ പങ്കാളിത്തത്തോടെയുള്ള സമഗ്രമായ പാക്കേജായാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ സർക്കാർ സമീപിക്കുന്നത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ശാന്തിനികേതൻ എൽ പി സ്കൂളും സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന രേഖ തയ്യാറാക്കി വരുന്നു. എല്ലാ അർത്ഥത്തിലും വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി മാറ്റിയെടുക്കുക തന്നെയാണ് ഇതിന്റെ ലക്ഷ്യം.

## ചരിത്രം

മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് 6-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ശാന്തിനികേതൻ ലോവർ പ്രൈമറി സ്കൂൾ ആയിരക്കണക്കിന് കുരുന്നുകൾക്ക് അക്ഷരദീപം പകർന്നു കൊടുക്കുന്ന മാതൃകാസ്ഥാപനമാണ്. 1950കളിൽ നാട്ടിലെ പ്രമുഖരായ ചില വ്യക്തികൾ ചേർന്നാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. തികച്ചും മതേതര ജനാധിപത്യസ്ഥാപനമായ ഈ വിദ്യാലയം സമൂഹത്തിന്റെ നാനാമേഖലകളിൽ ഉന്നതരായ ധാരാളം വ്യക്തികളെ സംഭാവന ചെയ്തിട്ടുണ്ട്. മറവൻതുരുത്ത് പഞ്ചായത്തിലെ പഴയ 2-ാം വാർഡ് ഉൾപ്പെടുന്ന പ്രദേശത്തെ 700 കുടുംബങ്ങളിൽ നിന്നുള്ള 700 അംഗങ്ങൾ ഉൾപ്പെടുന്ന ട്രസ്റ്റ് ആയ ശാന്തിനികേതൻ എഡ്യൂക്കേഷൻ ട്രസ്റ്റ് ഈ സ്കൂളിന്റെ മാനേജ്മെന്റായി പ്രവർത്തിക്കുന്നു. വോട്ടെടുപ്പിലൂടെ മാനേജരേയും കമ്മറ്റിയംഗങ്ങളെയും തെരഞ്ഞെടുക്കുന്നു. മറവൻതുരു

ത്തിന്റെ സമൂഹ്യവളർച്ചയ്ക്ക് മഹത്തായ സംഭാവനയാണ്. ഈ സ്ഥാപനം നൽകി വരുന്നത്. 2008ൽ പ്രദേശത്തെ ജനങ്ങളുടെ യോഗം വിളിച്ചുചേർത്ത് സ്കൂൾ വികസന സമിതി രൂപീകരിച്ചുകൊണ്ട് ശാന്തിനികേതൻ എൽ പി സ്കൂളിനെ ആധുനികവൽക്കരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ജനപ്രതിനിധികളുടെയും ജനങ്ങളുടെയും സഹായത്താൽ പുതിയ കെട്ടിടം പണിയുടെയും ഭൗതിക സാഹചര്യങ്ങൾ ഉയർത്തുകയും ചെയ്തത് കുട്ടികളെ കൂടുതൽ ആകർഷിക്കുവാനുള്ള സാഹചര്യം ഒരുക്കി. അദ്ധ്യാപകരുടെ ആത്മാർത്ഥമായ പരിശ്രമങ്ങളും പ്രീപ്രൈമറി ക്ലാസ്സുകൾ തുടങ്ങിയതും കുട്ടികളുടെ എണ്ണം വർദ്ധിക്കാനുള്ള കാരണങ്ങളിൽ പ്രധാനമാണ്. 1 മുതൽ 4 വരെ ക്ലാസുകളിൽ 195 കുട്ടികളും പ്രീപ്രൈമറി ക്ലാസിൽ 90 കുട്ടികളും ഉൾപ്പെടെ ആകെ 285 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. എല്ലാ ക്ലാസുകളും രണ്ടു ഡിവിഷനുകൾ വീതം ഉണ്ട്. 7 സ്ഥിരഅദ്ധ്യാപകരും പിറ്റിഎ മാനേജ്മെന്റ് സഹായത്തോടെ പ്രവർത്തിക്കുന്ന 8 താൽക്കാലിക അദ്ധ്യാപകരും ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ശാന്തിനികേതൻ എൽ.പി.എസ്, മറവൻതുരുത്ത് |
| വിലാസം | : | മറവൻതുരുത്ത് പി ഒ<br>വൈക്കം, പിൻ- 686608 |
| ഫോൺ | : | 04829 234612 |
| സ്കൂൾ കോഡ് | : | 45226 |
| വിദ്യാഭ്യാസ ഉപജില്ല | : | വൈക്കം |
| വിദ്യാഭ്യാസ ജില്ല | : | കടുത്തുരുത്തി |
| റവന്യൂ ജില്ല | : | കോട്ടയം |
| ബിആർസി | : | വൈക്കം |
| സിആർസി | : | മറവൻതുരുത്ത് |
| ഗ്രാമപഞ്ചായത്ത് | : | മറവൻതുരുത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | : | വൈക്കം |
| ജില്ലാ പഞ്ചായത്ത് | : | കോട്ടയം |
| നിയമസഭാ മണ്ഡലം | : | വൈക്കം |
| ജില്ലാ പഞ്ചായത്ത് | : | കോട്ടയം |
| നിയമസഭാമണ്ഡലം | : | വൈക്കം |
| ലോക സഭാമണ്ഡലം | : | കോട്ടയം |
| താലൂക്ക് | : | വൈക്കം |
| വില്ലേജ് | : | കുലശേഖരമംഗലം |
| ഇ-മെയിൽ | : | vnsthuravalloor@gmail.com |

## നേട്ടങ്ങൾ

മുൻവർഷങ്ങളിൽ സ്കൂളിന് മികച്ച നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചു. മികച്ച മാനേജ്മെന്റും പി.റ്റി.എ, അദ്ധ്യാപകർ എന്നിവരുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ സ്കൂളിന്റെ മികവിന്റെ കേന്ദ്രമാക്കുവാൻ സാധിച്ചു. രക്ഷിതാക്കളുടെ മികച്ച പിന്തുണ നേടാൻ കഴിഞ്ഞു. സ്കൂളിൽ മനോഹരമായ പച്ചക്കറിത്തോട്ടവും ജൈവവൈവിധ്യ പാ്‌ർക്ക് നിർമ്മിക്കുവാൻ കഴിഞ്ഞു. കലാകായിക പ്രവർത്തി പരിചയ മേളകളിൽ സ്കൂളിനെ ഓവറോൾ ചാമ്പ്യൻഷിപ്പുകൾ നേടിയെടുക്കുവാൻ സാധിച്ചു. കുട്ടികളുടെ ഉന്നതവിദ്യാഭ്യാസം ലോകനിലവാരത്തിൽ എത്തിക്കുന്നതിനുവേണ്ടി എല്ലാ ക്ലാസ് റൂമുകളും ഹൈടെക് ആക്കുവാൻ സാധിച്ചു. സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നതിന് വേണ്ടി സഹപാഠിയ്ക്കൊരു കൈത്താങ്ങ് എന്ന പരിപാടി നടത്തുവാൻ സാധിച്ചു. എല്ലാ ദിനാചരങ്ങളും വളരെ ഭംഗിയായി നടത്തുവാനും സാധിച്ചു. കോവിഡിന്റെ സാഹചര്യത്തിൽ ഓൺലൈൻ ക്ലാസുകൾ നന്നായി നടത്തി. എല്ലാ പ്രവർത്തനങ്ങളിലും രക്ഷകർത്താക്കളുടെ പിന്തുണ ഉറപ്പാക്കിക്കൊണ്ട് സ്കൂൾ മുന്നേറിക്കൊണ്ടിരിക്കുന്നു. പാഠ്യപാഠ്യേതര വിഷയങ്ങളിൽ മികവ് തെളിയിച്ച് ഈ മാതൃകാവിദ്യാലയം അതിന്റെ ജൈത്രയാത്ര തുടരുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

1. ഗുണമേന്മയുള്ള വിദ്യാഭ്യാസം
2. സർഗപരമായ എല്ലാ കഴിവുകളും പരിപോഷിപ്പിച്ചുള്ള സമഗ്ര വിദ്യാഭ്യാസം
3. കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്ന വ്യത്യസ്തമായ പഠനരീതിയിൽ
4. ഓരോ കുട്ടിയും അതാത് ക്ലാസ്സിൽ നേടിയെടുക്കേണ്ടതായ ശേഷികളും കഴിവുകളും കൈവരിക്കുന്നു.
5. കുട്ടി സമൂഹനന്മയ്ക്കു ഉതകുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഉള്ള ഉത്തര പൗരനാക്കിത്തീരുന്നു.
6. കുട്ടിയെ ഉത്തമ പൗരനാക്കിത്തീർക്കാൻ സ്കൂളും സമൂഹവും ഒത്തുചേർന്നു പ്രവർത്തിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

1. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ നേടുക.
2. കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപാടിൽ ഓരോ കാമ്പസ്സും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുക.
3. ടാലന്റ് ലാബുമായി ബന്ധപ്പെട്ട് സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കാനുതകുന്ന സമഗ്ര വിദ്യാഭ്യാസം
4. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന കൊടുക്കുക.
5. മുന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന കൊടുക്കുക
6. ലഹരി വിരുദ്ധ മനോഭാവം വളർത്തുക.
7. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരിമുക്ത ക്യാമ്പസ് യാഥാത്ഥ്യമാക്കുക.
8. കാർഷിക സംസ്കാരം വളർത്തിയെടുക്കുക.
9. ക്ലാസ് മുറികൾ ഹൈടെക് ആക്കുക.
10. എല്ലാവരും സമഗ്രവിദ്യാലയ വികസനരേഖ തയ്യാറാക്കി അതിനായി പ്രവർത്തിക്കുകയും നേടിയെടുക്കുകയും ചെയ്യുക

## ലക്ഷ്യങ്ങൾ (വിഷയബന്ധിതമായി)

**വിഷയം - മാതൃഭാഷ**

1. എല്ലാകുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പുവരുത്തുക
2. കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക
3. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
4. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

**വിഷയം - ഇംഗ്ലീഷ്**

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാകുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക
3. സ്വാതന്ത്ര്യവായനയ്ക്ക് സജ്ജരാക്കുക; സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക.
4. സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക.

**വിഷയം -അറബി**

1. എല്ലാകുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പുവരുത്തുക
2. കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക
3. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
4. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

**വിഷയം -പരിസരപഠനം**

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക
2. ശാസ്ത്രീയ മനോഭാവം വർദ്ധിപ്പിക്കുക

3. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.
4. ശാസ്ത്രരംഗത്തെ നൃൂതനാശയങ്ങൾ കുട്ടികശെ പരിചയപ്പെടുത്തുക.
5. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

<u>**വിഷയം -ഗണിതം**</u>

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പിക്കുക.
3. ഓരോ പ്രദേശത്തിന്റെയും തനത് ഗണിതരീതികളെ പരിചയപ്പെടുത്തുക.
4. ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്ന് ഉറപ്പാക്കുക.
5. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

<u>**വിഷയം -ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തുക**</u>

1. വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവു നിർമ്മാണപ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തരസാധ്യതകൾ പ്രയോജനപ്പെടുത്തുക.
3. കംപ്യൂട്ടർ പഠനത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി മാനവരാശി വികസിപ്പിക്കുന്ന അറിവിനെ അതാതുവസരങ്ങളിൽ അറിയാനുള്ള സാധ്യത പ്രയോജനപ്പെടുത്തുക
4. കുട്ടികൾക്ക് നിർഭയമായും സ്വാതന്ത്രമായും കംപ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരങ്ങൾ ഉണ്ടാവുക.

<u>**വിഷയം -പ്രവർത്തി പരിചയം**</u>

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളും വികസിപ്പിക്കുക.
2. പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയപഠനവുമായി പ്രവർത്തി പരിചയാനുഭവത്തെ

ബന്ധിപ്പിക്കുക.

**<u>വിഷയം -കലാപരിശീലനം</u>**

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാ അഭിരുചി വളർത്തുക
3. ഓരോ കുട്ടികളുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരം ഒരുക്കുക.
4. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക.

**<u>വിഷയം -ആരോഗ്യകായിക വിദ്യാഭ്യാസം</u>**

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.
2. ആരോഗ്യശീലങ്ങൾ വളർത്തുക.
3. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
4. ക്യാംപസ്സിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.
5. ആധുനിക ശാസ്ത്രസാങ്കേതിക - വിദ്യാസാധ്യതകൾ ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി പ്രയോജനപ്പെടുത്തുക.

## ഹ്രസ്വകാല പ്രവർത്തനങ്ങൾ

| വിഷയം | പ്രവർത്തനങ്ങൾ |
|---|---|
| മാതൃഭാഷ | 1. അക്ഷരങ്ങൾ ഉറപ്പിക്കുക<br>2. അക്ഷരങ്ങൾ പറയുവാനും എഴുതുവാനുമുള്ള കഴിവ് വർദ്ധിപ്പിക്കുക<br>3. ചിഹ്നങ്ങൾ ഉറപ്പിക്കുക<br>4. വായനയും രചനയും മെച്ചപ്പെടുത്തുക<br>5. വിവിധ പതിപ്പുകൾ നിർമ്മിച്ച് ലൈബ്രറിയിൽ വയ്ക്കുക.<br>6. ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ വായന<br>7. കാർഡ് നിർമ്മാണം<br>8. ഗ്രന്ഥശാല സന്ദർശനം (അംഗത്വം)<br>9. അച്ചടിച്ച മാഗസിൻ പ്രസിദ്ധീകരിക്കുക<br>10. ഉച്ചാരണ ശുദ്ധി ഉറപ്പാക്കുക |
| അറബി | 1. അക്ഷരങ്ങൾ ഉറപ്പിക്കൽ, വാചകങ്ങൾ നിർമ്മിക്കൽ എന്നിവ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.<br>2. വായന മെച്ചപ്പെടുത്തൽ<br>3. വാർത്ത - പത്രവായന |
| ഇംഗ്ലീഷ് | 1. ഇംഗ്ലീഷ് പദങ്ങൾ തിരിച്ചറിയുവാനും വായിക്കുവാനും എല്ലാ കുട്ടികളെയും സജ്ജരാക്കുക<br>2. പ്രൊനൺസിയേഷൻ ഏറ്റവും മികച്ചതാക്കുക<br>3. ഇംഗ്ലീഷ് പതിപ്പ് നിർമ്മാണം<br>4. ഇംഗ്ലീഷ് റൈംസ് ആക്ഷനോടുകൂടി അവതരിപ്പിക്കുക.<br>5. കോറിയോഗ്രാഫി<br>6. ഇംഗ്ലീഷ് ന്യൂസ് വായന<br>7. അച്ചടിച്ച ഇംഗ്ലീഷ് മാഗസിൻ |

| | |
|---|---|
| | 8. ഇംഗ്ലീഷ് ക്ലാസ് പിറ്റിഎ<br>9. പൊതുവേദികളിൽ ഇംഗ്ലീഷ് അവതരണം<br>10. ഇംഗ്ലീഷ് സ്റ്റോറി മെയ്ക്കിംഗ് |
| ഗണിതം | 1. എല്ലാ കുട്ടികളും സംഖ്യാവ്യഖ്യാനം വളരെ ഭംഗിയായി ചെയ്യാൻ പ്രാപ്തരാക്കുക<br>2. ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ദാരണം ചെയ്യുകയും ഉണ്ടാക്കുകയും ചെയ്യുക.<br>3. വിവിധ ശ്രേണികൾ നിർമ്മിക്കാൻ എല്ലാവരെയും പ്രാപ്തരാക്കുക.<br>4. ഗണിതക്വിസ് - മാസത്തിൽ ഒരിക്കൽ<br>5. നോട്ടീസ് ബോർഡിൽ ഗണിത പ്രശ്നങ്ങൾ ഇട്ട് കുട്ടികൾ അപഗ്രഥിച്ച് ഉത്തരങ്ങൾ കണ്ടെത്തൽ<br>6. ബാങ്ക്, പാൽ സൊസൈറ്റി സന്ദർശനം - ബില്ലുകൾ നിരീക്ഷിക്കൽ |
| പരിസരപഠനം | 1. പരിസ്ഥിതിയെ അടുത്തറിയുന്നതിന് ഫീൽഡ്ട്രിപ്പ്<br>2. പൊതുസ്ഥാപനങ്ങൾ സന്ദർശനം<br>3. പ്രഥമശുശ്രൂഷ ക്ലാസുകൾ സംഘടിപ്പിക്കൽ<br>4. മാലിന്യമുക്തിക്കായി പോസ്റ്റർ നിർമ്മാണം<br>5. ദിനാചരണങ്ങൾ വിപുലമായി ആചരിക്കൽ<br>6. കർഷകൻ, ശാസ്ത്രപ്രതിഭകൾ തുടങ്ങിയവരുമായി അഭിമുഖം |

## മധ്യമകാല പ്രവർത്തനങ്ങൾ

| വിഷയം | പ്രവർത്തനങ്ങൾ |
|---|---|
| മാതൃഭാഷ | 1. എഴുത്തുൽസവം - പതിപ്പുനിർമ്മാണം- ചുവർപത്രിക നിർമ്മാണം, മാഗസിൻ നിർമ്മാണം<br>2. വായനാവസന്തം - അമ്മവായന, കുട്ടിവായന, ലൈബ്രറി പുസ്തക വായന<br>3. പാഠാസൂത്രണങ്ങൾ ഭംഗിയായി നടത്തുന്നു<br>4. പഠനസാമഗ്രികൾ നിർമ്മിക്കൽ (വാക്കുകൾ വെട്ടി ഒട്ടിച്ച്) |
| അറബി | 1. ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ ഉപയോഗിച്ച് വായന മെച്ചപ്പെടുത്തൽ<br>2. വായനാകുറിപ്പുകൾ തയ്യാറാക്കൽ |
| ഇംഗ്ലീഷ് | 1. ഹലോ ഇംഗ്ലീഷ് - കാര്യക്ഷമമാക്കൽ<br>2. ഇംഗ്ലീഷ് കുട്ടിപത്രനിർമ്മാണം<br>3. വാക്കുകൾ - അർത്ഥം പരിചയപ്പെടുത്തൽ പ്രോഗ്രാം<br>4. ഇംഗ്ലീഷിൽ സംസാരിക്കാം - കാര്യക്ഷമമാക്കൽ |
| ഗണിതം | 1. ജൈവവൈവിദ്ധ്യ പാർക്ക് ഗണിതാശയ രൂപീകരണത്തിൽ<br>2. സംഖ്യാവ്യാഖ്യാനം ഉറപ്പിക്കാൻ ഗണിത കളരികൾ<br>3. നിഗമനം രൂപീകരിക്കൽ (വിവിധ ഗണിതാശയങ്ങളുടെ) |
| പരിസരപഠനം | 1. ജൈവപച്ചക്കറിക്കൃഷി നടത്തി വിളവെടുപ്പ്<br>2. കരനെൽക്കൃഷി, മരച്ചീനി തുടങ്ങിയവ നിരീക്ഷിച്ച് നിഗമനത്തിലെത്തൽ- പങ്കാളിയാക്കൽ<br>3. വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രാഭിമുഖ്യം വളർത്തൽ<br>4. പ്ലാസ്റ്റിക് നിർമ്മാജ്ജന പ്രവർത്തനങ്ങൾ, വിത്തുപേന നിർമ്മാണം, തുണി ബാഗ് നിർമ്മാണം |

## ദീർഘകാല പ്രവർത്തനങ്ങൾ

| വിഷയം | പ്രവർത്തനങ്ങൾ |
|---|---|
| മാതൃഭാഷ | 1. കുട്ടികളുടെ ഡയറിക്കുറിപ്പുകൾ (എല്ലാ ക്ലാസിലും എല്ലാ ദിവസവും എഴുതുന്നവ) വർഷാവസാനം അച്ചടിച്ച് പുസ്തകമാക്കുക<br>2. ഭിന്നശേഷിതരായ കുട്ടികൾക്ക് വ്യത്യസ്ത പഠനോപകരണങ്ങൾ ഉപയോഗിച്ച് വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നൽകുക.<br>3. സാഹിത്യസമാജത്തിൽ കവിതകളുടെ ദൃശ്യാവിഷ്കാരം, നാടക അവതരണം (പാഠഭാഗവുമായി ബന്ധപ്പെട്ടവ), സ്വന്തം രചനകളുടെ അവതരണം ഇവ നിരന്തരമായി ചെയ്യുക<br>4. ക്ലാസ് ലൈബ്രറി പുസ്തക വായനയുടെ അടിസ്ഥാന ത്തിൽ മികച്ച വായനക്കാരനെ കണ്ടെത്തുക (ഓരോക്ലാസിലും)<br>5. നിരന്തരമായ രചനകളുടെ അടിസ്ഥാനത്തിൽ വർഷാവ സാനം അച്ചടിച്ച ഒരു ക്ലാസ് മാഗസിൻ<br>6. ഐസിടി സാദ്ധ്യതകളുടെ നിരന്തര ഉപയോഗം, ജൈവവൈവിദ്ധ്യ പാർക്ക് ഉപയോഗം |
| അറബി | 1. അറബിയിൽ ക്ലാസിലും ഫോണിലും സംസാരിക്കുക.<br>2. അറബിക് അസംബ്ലി<br>3. അറബിക് കലാപരിപാടികൾ സംഘടിപ്പിക്കുക<br>4. ഭാഷാപ്രദർശനം വേണ്ടത്രതയ്യാറെടുപ്പുകളോടെ സംഘടിപ്പിക്കുക |
| ഇംഗ്ലീഷ് | 1. ഇംഗ്ലീഷ് ഡയറിക്കുറിപ്പുകൾ പതിപ്പുകളാക്കുക<br>2. എല്ലാ ക്ലാസിലും അച്ചടിച്ച ഒരു ഇംഗ്ലീഷ് മാഗസിൻ<br>3. ഇംഗ്ലീഷ് അസംബ്ലി |

| | |
|---|---|
| | 4. ഇംഗ്ലീഷ് നിഘണ്ടു നിർമ്മാണം<br>5. എന്റെ ഇംഗ്ലീഷ് ബുക്ക് വർദ്ധിപ്പിക്കൽ<br>6. എല്ലാ മാസവും ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കോറിയോഗ്രാഫി, സ്കിറ്റ് റൈംസ്, ആക്ഷൻസോംഗ് ഇവയുടെ അവതരണം<br>7. ഭിന്നശേഷിക്കാരായ കുട്ടികളെ നിരന്തരമായി പങ്കാളികളാക്കൽ<br>8. ഐസിടി സാധ്യതകൾ നിരന്തരമായി പ്രയോജനപ്പെടുത്തൽ |
| ഗണിതം | 1. ഗണിതലാബിന്റെ നിരന്തരമായ ഉപയോഗം<br>2.ജൈവവൈവിധ്യ പാർക്ക് ഗണിതാശയങ്ങൾ രൂപീകരിക്കുന്നതിനും ഗണിതപഠനം രസകരമാക്കുന്ന തിനും ഉപയോഗിക്കൽ<br>3.ഐസിടി സാധ്യതകൾ നിരന്തരമായി ഗണിതപഠനത്തിൽ ഉപയോഗിക്കുക.<br>4.ഗണിത പാർക്ക് സജ്ജമാക്കൽ<br>5.സ്കൂൾ തലത്തിൽ കുട്ടികളുടെതായ അവശ്യവസ്തുക്ക ളുടെ വിൽപനകേന്ദ്രം |
| പരിസരപഠനം | 1. ജൈവ വൈവിധ്യപാർക്ക് സജ്ജമാക്കൽ<br>2.ഔഷധത്തോട്ടം സജ്ജമാക്കൽ<br>3.ജൈവപച്ചക്കറിക്കൃഷി നടത്തൽ<br>4.മികച്ച കുട്ടിക്കർഷകനെ കണ്ടെത്തൽ<br>5.പ്ലാസ്റ്റിക് നിർമ്മാജ്ജന പ്രവർത്തനങ്ങൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 1** **മലയാളം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| അക്ഷരങ്ങൾ ഉറപ്പിക്കുക. അക്ഷരങ്ങൾ പറയുവാനും എഴുതുവാനും ഉള്ള കഴിവ് | • കുട്ടികളുടെ മുന്നറിവ് പരിശോധിക്കുക.<br>• പ്രീ ടെസ്റ്റ് നടത്തുക.<br>• അക്ഷരപ്പാട്ട, വിവിധ കളികൾ, അക്ഷരചിത്രങ്ങൾ, അക്ഷരങ്ങൾ നിത്യവും എഴുതിക്കുക | മൂന്ന് മാസം | ബിആർസി, പിറ്റിഎ |
| ചിഹ്നങ്ങൾ ഉറപ്പിക്കുക | • സ്വരചിഹ്നങ്ങൾ ചേർന്നുവരുന്ന വാക്കുകൾ എഴുതാൻ പറയുന്നു.<br>• ചാർട്ടുകൾ ഉപയോഗിക്കുന്നു<br>• വിവിധ ഉത്സവങ്ങളോടനു ബന്ധിച്ച് ചിഹ്നങ്ങൾ ചേർന്നുവരുന്ന വാക്കുകൾ, പദങ്ങൾ ഇവയുടെ നിർമ്മിതി | ആറ് മാസം | |
| | • എല്ലാ ദിവസവും ചിഹ്നങ്ങൾ ചേർന്നുവരുന്ന വാക്കുകൾ<br>• പത്രമാധ്യമങ്ങൾ, വായനാസാ മഗ്രികൾ, എന്നിവയിൽ നിന്ന് വെട്ടി ഒട്ടിച്ച് പതിപ്പ് ഉണ്ടാക്കുന്നു.<br>• ചിഹ്നങ്ങളുടെ ചിത്രവും വാക്കുകളും ഉപയോഗിച്ച് പതിപ്പ് നിർമ്മാണം | | ബിആർസി, പിറ്റിഎ |

| | | | |
|---|---|---|---|
| കൂട്ടക്ഷരങ്ങൾ ചില്ലക്ഷരങ്ങൾ | • പാഠഭാഗത്തുനിന്നും വാക്കുകൾ കണ്ടെത്തി അടിവരയിടൽ.<br>• വാക്കുകൾ പരിചയപ്പെടൽ കുട്ടികവിതകൾ താളാത്മകമായി ക്ലാസിൽ അവതരിപ്പിക്കുന്നു. | പത്ത് മാസം | പിറ്റിഎ, എംപിറ്റിഎ, എസ്ആർജി, ബിആർസി |
| ചിത്രങ്ങൾ നിരീക്ഷിച്ച് കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ, കഥ എന്നിവ ഭാവനാപൂർവ്വം രൂപീകരിച്ചു പറയുന്നു. | • കഥാചിത്രങ്ങളിൽ നിന്നും കഥയുണ്ടാക്കിപ്പറയൽ<br>• കഥയുടെ തുടർച്ച എഴുതൽ | ആറ് മാസം | പിറ്റിഎ |
| ലഘുവിവരണം തയ്യാറാക്കാൽ | • രചന, വ്യവഹാര രൂപങ്ങൾ, കഥ, സംഭാഷണം, വിവരണം<br>• ശ്രാവ്യവായനയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞു വായിക്കൽ | പന്ത്രണ്ട് മാസം | പിറ്റിഎ, എസ്ആർജി, സ്കൂൾ അസംബ്ലി |
| ഡയറിക്കുറുപ്പ് | • എല്ലാ ദിവസവും ഡയറിക്കുറുപ്പ് എഴുതിക്കുന്നു | | പിറ്റിഎ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 1** **ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു<br>• ചോദ്യാവലി ഉണ്ടാക്കുന്നു<br>• പ്രീടെസ്റ്റ്<br>• മൂല്യനിർണ്ണയം<br>• റിസൾട്ട് രേഖപ്പെടുത്തുന്നു | ജൂൺ | ക്ലാസ് ടീച്ചർ |
| ഗണിതാസ്വാദനം | • പാഠാസൂത്രണങ്ങൾ ഫലപ്രദ മായി ആസൂത്രണം ചെയ്യുന്നു<br>• ക്വിസ്, പസ്സിലുകൾ, കുസൃതിക്കണക്കുകൾ | പന്ത്രണ്ട് മാസം | |
| കുട്ടികളുടെ അഭിരുചിക്കനുസരി ച്ച് ഗണിതത്തെ ഇഷ്ടപ്പെടുത്തൽ | • നിറം നൽകുക, ഒളിച്ചിരിക്കുന്നതാര്,<br>• സംഖ്യാ കളികൾ<br>• ജൈവപാർക്ക് | മൂന്ന് മാസം | |
| കുട്ടികളുടെയും ആഖ്യാനത്തിന്റെയു ം ഭാഗമായി വസ്തുക്കൾ എണ്ണിയെടുക്കാനും അതുവഴി | • ചിത്രം വരച്ചും കളികളിലേർപ്പെട്ടും എണ്ണിയെടുത്തും<br>• ഒന്നു മുതൽ അഞ്ചുവരെ | ആറ് മാസം | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| സംഖ്യകളെ തിരിച്ചറിയുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു | അക്ഷരങ്ങൾ പരിചയപ്പെടുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.<br>• ജൈവപാർക്ക് ഉപയോഗിക്കുന്നു | | |
| ഒരു നിശ്ചിത സംഖ്യ യെ രണ്ടു സംഖ്യക ളുടെ തുകയായി വ്യത്യസ്ത രീതി യിൽ എഴുതുവാൻ സാധിക്കുന്നു | • ഒരു സംഖ്യയെ വിവിധ സംഖ്യകളുടെ തുകയായി വ്യാഖ്യാനിച്ചെഴുതുന്നു | പന്ത്രണ്ട് മാസം | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ |
| ഒരു കൂട്ടത്തോട് എത്ര കൂട്ടിയാണ് മറ്റൊരു കൂട്ടം എന്ന രീതിയിൽ വ്യവകലനത്തെ വിശദീകരിക്കുന്നു | • വിവിധ സന്ദർഭങ്ങളിൽ നിന്നും രൂപപ്പെടുന്ന വ്യവകലനം ഉൾപ്പെടുന്ന പ്രയോഗിക പ്രശ്നങ്ങൾ അവഗ്രഥിക്കുന്നു.<br>• സങ്കലനം, വ്യവകലനം, ഉൾപ്പെടുന്ന പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു | എട്ട് മാസം | |
| ഒരു കൂട്ടത്തിൽ നിന്നും മുഴുവൻ എടുത്തുമാറ്റിയാൽ ബാക്കി ഒന്നും ഉണ്ടാവുകയില്ല എന്ന രീതിയിൽ പൂജ്യത്തെ | • സംഖ്യാക്രമീകരണങ്ങ ൾ പരിശോധിച്ച് പരസ്പരം ബന്ധം കണ്ടെത്തി നിഗമനങ്ങളിൽ എത്തിച്ചേരുന്നു | പന്ത്രണ്ട് മാസം | ഐസിറ്റി ക്ലാസ്റൂം |

| | | | |
|---|---|---|---|
| വിശദീകരിക്കുന്നു | | | |
| | <u>ഉത്തരപെട്ടി</u><br>• ഗണിത പ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നുണ്ട്. കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു. | മാസത്തി ലൊരിക്കൽ (ആഗസ്ത് ജനുവരി) | |
| | <u>ഗണിതക്വിസ്</u><br>• മാസത്തിലൊരിക്കൽ ഗണിതവുമായി ബന്ധ പ്പെട്ട ക്വിസ് മത്സരം<br>• മനക്കക്കുകൾ സ്കൂളിൽ പൊതുവായി ചോദ്യം ഉന്നയിക്കുന്ന | | |
| ഗണിതലാബ് | • ഗണിത റഫറൻസ<br>• ബുക്കുകൾ,<br>• വർക്കിംഗ് മോഡൽ,<br>• ചുമർഗണിത ചിത്രങ്ങൾ,<br>• മെട്രിക് ഉപകരണങ്ങൾ | | |
| മാത്സ് ബ്ലോഗ് | • കുട്ടികളുടെ സൃഷ്ടികൾ ബ്ലോഗിൽ കയറ്റുന്നു | സെപ്തംബ ർ | എച്ച് എം സ്റ്റാഫ് |
| ലിറ്റിൽ മാസ്റ്റർ | • ഗണിതശാസ്ത്രത്തിൽ മികച്ച 5 കുട്ടികളെ കണ്ടെത്തി അവരെ | മാർച്ച് | |

| | | | |
|---|---|---|---|
| | വർഷാവസാനം ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് ആയി തെരഞ്ഞെടുക്കുന്നു | | |
| ഗണിത ശാസ്ത്ര കോൺഫറൻസ് | • സ്കൂളിൽ ഗണിത ശാസ്ത്രവുമായി നടത്തിയ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. പോരായ്മകൾ കണ്ടെത്തുന്നു. നല്ലതിനെ പ്രോത്സാഹിപ്പിക്കുന്നു | | എല്ലാ അദ്ധ്യാപകരും പിറ്റിഎ |
| സംഖ്യകളെ താരതമ്യം ചെയ്യുകയും വലുപ്പമനുസരിച്ച് ക്രമീകരിക്കുകയും ചെയ്യുന്നു | • വലുപ്പം  അടിസ്ഥാനമാക്കി സംഖ്യകൾ ക്രമീകരിക്കുന്നു. | | |
| ഗണിതപഠനം രസകരമാക്കാൻ | • ഗണിത പസ്സിലുകൾ, ഗണിത ലാബ്, ഗണിത ക്ലബ്ബ്, ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.<br>• ക്ലാസുകൾ സംഘടിപ്പിക്കുന്നു | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 1** **ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| ഇംഗ്ലീഷ് അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ പ്രാപ്തരാക്കുക | • അക്ഷരങ്ങൾ കുട്ടികളിൽ ഉറപ്പുവരുത്തുന്നു.<br>• ഇംഗ്ലീഷ് അക്ഷരങ്ങൾ എഴുതിക്കു കയും പറയിപ്പിക്കുകയും ചെയ്യുന്നു.<br>• പദങ്ങൾ നിർമ്മിച്ച് കുട്ടികൾക്ക് വായിക്കുവാൻ അവസരം നൽകുന്നു. | മൂന്ന് മാസം | ബിആർസി പിറ്റിഎ |
| കുട്ടികളിൽ ഇംഗ്ലീഷ് വായിക്കുന്നതിനും എഴുതുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | • ക്ലാസ് ലൈബ്രറി<br>• പാഠപുസ്തകം വായന<br>• ചെറിയ വാക്കുകൾ അതിന്റെ അർത്ഥം പരിചയപ്പെടുത്തുന്നു.<br>• ഇംഗ്ലീഷ് പതിപ്പ് നിർമ്മാണം.<br>• ചാർട്ട് നിർമ്മാണം | പത്ത് മാസം | ബിആർസി പിറ്റിഎ |
| ഐസിറ്റി സാധ്യത ഉൾപ്പെടുത്തി ക്ലാസ് മുറി വിപുലീകരിക്കുന്നതിനും കുട്ടികളിൽ അതിന്റെ നേട്ടം ഉറപ്പുവരുത്തു | • പാഠപുസ്തകവുമായി ബന്ധപ്പെട്ട പ്രവർത്തന ങ്ങൾ നൽകി ഇംഗ്ലീഷ് കുട്ടികളിൽ എത്തിക്കുന്നു. | ആറ് മാസം | ബിആർസി പിറ്റിഎ |

| | | | |
|---|---|---|---|
| കയും ചെയ്യുന്നു. | • ക്ലാസ് പ്രവർത്തനങ്ങൾ അടങ്ങുന്ന സിഡികൾ കുട്ടികൾക്ക് പ്രയോജനമാകുന്നവിധം നൽകുന്നു | | |
| മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികൾ ഉറപ്പുവരുത്തുക | • ഇംഗ്ലീഷ് കൂടുതലായി ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുക.<br>• സംഭാഷണങ്ങൾ ക്ലാസിൽ ചെയ്യിക്കുക | പത്ത് മാസം | ബിആർസി പിറ്റിഎ |
| ഇംഗ്ലീഷിനോടുള്ള ആഭിമുഖ്യം വളർത്തുന്ന തിനുള്ള സാഹചര്യം ക്ലാസിൽ ഒരുക്കുക | • ഇംഗ്ലീഷ് ക്ലബ്ബ്<br>• ഇംഗ്ലീഷ് വായനാമത്സരം<br>• കുട്ടികളെ കൊണ്ട് പദങ്ങൾ നിർമ്മിക്കുന്നു. പ്രീടെസ്റ്റ് നടത്തുക. | പന്ത്രണ്ട് മാസം | ബിആർസി പിറ്റിഎ |
| കളികളിലൂടെ ഭാഷാപഠനം കുട്ടികൾക്ക് രസകരമാക്കുക | • വിവിധ തരം കാർഡുകൾ നിർമ്മിക്കുകയും<br>• പദങ്ങൾ നിർമ്മിക്കുകയും വായിക്കുകയും നിറങ്ങൾ നൽകുകയും ചെയ്യുന്നു. | അഞ്ച് മാസം | ബിആർസി പിറ്റിഎ |
| ആസ്വദിക്കാനുള്ള അവസരം ഒരുക്കികൊടുക്കുക | • ഇംഗ്ലീഷ് പാട്ടുകൾ താളാത്മകമായി കുട്ടികൾ പാടുന്നു | പന്ത്രണ്ട് മാസം | ബിആർസി പിറ്റിഎ |
| സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്ന | • കുട്ടികൾ അവർക്ക് സാധ്യമാകും | നാല് മാസം | ബിആർസി പിറ്റിഎ |

| | | | |
|---|---|---|---|
| തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു | വിധത്തിൽ ചെറിയ ചെറിയ കഥ, കവിത, എന്നിവ എഴുതി ക്ലാസിൽ അവതരിപ്പിക്കുക.<br>• ക്ലാസിൽ അവതരിപ്പിച്ച കുട്ടികളുടെ പ്രവർത്തനങ്ങൾ മാഗസിൻ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു | | |
| കുട്ടികളെ മികവിന്റെ പാതയിലേക്ക് നയിക്കുന്ന തരത്തിൽ ഇംഗ്ലീഷ് ക്ലാസ്മുറികൾ പരിപോഷിപ്പിക്കുക | • ഇംഗ്ലീഷ് കോർണർ കുട്ടികൾക്ക് ഗുണകരമാകുന്ന പദങ്ങൾ ചിത്രങ്ങളും അടിക്കുറിപ്പുകളും തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തിയ ഒരു ചെറിയ സ്ഥലം കുട്ടികൾക്ക് നൽകുക.<br>• എല്ലാ കുട്ടികളുടെയും കഴിവുകൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നതിന് അവസരം നൽകുക | പന്ത്രണ്ട് മാസം | ബിആർസി പിറ്റിഎ |
| എല്ലാ കുട്ടികളെയും നല്ല കലാപ്രതിഭകളാക്കി മാറ്റുക | • കുട്ടികളും പങ്കാളിത്തം എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പുവരുത്തുക.<br>• പൊതു വേദിയിൽ കുട്ടികളുടെ പരിപാടികൾ നടത്തുന്നതിന് അവസരം | ഒൻപത് മാസം | ബിആർസി പിറ്റിഎ |

| | | | |
|---|---|---|---|
| | നൽകും | | |
| എല്ലാ കുട്ടികളിലും ഇംഗ്ലീഷ് വായിക്കാനും സംസാരിക്കാനുമുള്ള അവസരം ഒരുക്കുക | • ആഴ്ചയിൽ ഒരു ദിവസമെങ്കിലും കുട്ടികൾക്ക് അസംബ്ലി ഇംഗ്ലീഷിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | പന്ത്രണ്ട് മാസം | ബിആർസി പിറ്റിഎ |
| ഇംഗ്ലീഷിൽ പഠനാന്തരീക്ഷം സൃഷ്ടിക്കൽ | • ക്ലാസിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുക. | പന്ത്രണ്ട് മാസം | ബിആർസി പിറ്റിഎ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 2** **മലയാളം**

| **ലക്ഷ്യം** | **പ്രവർത്തനം** | **സമയം** | **ചുമതല/ വിഭവ സമാഹണം** |
|---|---|---|---|
| സ്വാഭാവികമായ സന്ദർഭങ്ങളിൽ ആശയതുടർച്ചയോടെ സംഭാഷണങ്ങളിൽ ഏർപ്പെടുകയും എഴുതുകയും ചെയ്യുന്നു | <u>സംഭാഷണം</u><br>• സംഭാഷണം എഴുതൽ, പറയൽ<br>• ആശയ വ്യക്തത,<br>• നിഗമനം | ഒരു മാസം | അധ്യാപകൻ പിറ്റിഎ |
| കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ എഴുതൽ പറയൽ | <u>ചിത്രവായന</u><br>• കഥകൾ പറയൽ, എഴുതൽ<br>• ചിത്രത്തെ ആസ്പദമാക്കി കഥ എഴുതുന്നു | മൂന്ന് മാസം | |
| സർഗപരത ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക | <u>ലൈബ്രറി</u><br>• ശേഖരങ്ങൾ, ചിത്രങ്ങൾ, കഥാപുസ്തകങ്ങൾ,<br>• ഭാഷാകേളികൾ<br>• മാസികകൾ | നാല് മാസം | അധ്യാപകർ |
| പാടാനും പറയാനും ആടാനുമുള്ള പ്രതിഭകളെ കണ്ടെത്താൻ | <u>ആസ്വാദനം</u><br>കുട്ടികൾക്ക് ആസ്വാദിക്കാനുള്ള അവസരം നൽകൽ, കഥകൾ, പാട്ടുകൾ, കാർട്ടൂൺ, നാടകം, ബാലേ എന്നിവ നടത്തുക | പത്ത് മാസം | അധ്യാപകർ പിറ്റിഎ |

| | | | |
|---|---|---|---|
| നല്ല മനോഭാവം ഭാഷാപഠനത്തിലൂടെ സാധ്യമാക്കുക മൂല്യങ്ങൾ വർദ്ധിപ്പിക്കുക | • <u>ദിനാചരണം</u><br>സ്വാതന്ത്ര്യദിനം, അദ്ധ്യാപകദിനം, കേരളപ്പിറവി, റിപ്പബ്ലിക് ഡേ, ഗാന്ധി ജയന്തി | പന്ത്രണ്ട് മാസം | പിറ്റിഎ |
| എല്ലാകുട്ടികൾക്കും മലയാളം എഴുതുന്നതിനും വായിക്കുന്നതിനുമുള്ള ശേഷി വികസനം | • <u>കഥ/കവിത</u><br>കവിതകൾ വായിക്കാന വസരം നൽകൽ, ചിത്രകഥ, കഥ എഴുതൽ, ആത്മകഥ | രണ്ട് മാസം | അധ്യാപകർ |
| കുട്ടികളിലൂടെയുള്ള ഭാഷാപഠനം | • <u>പദപ്രശ്ന നിർമ്മാണം</u><br>പദകാർഡ് നിർമ്മാണം, പദകേളി, ചാർട്ട് | ആറ് മാസം | അധ്യാപകർ |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമിൽ സൃഷ്ടിക്കുക | • <u>എഴുത്ത്</u><br>പതിപ്പുനിർമ്മാണം, മാഗസിൻ, ചുവർപത്രിക | ആറ് മാസം | പിറ്റിഎ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 2** **ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| കുട്ടികളിൽ സംഖ്യാബോ ധം ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | അബാക്കസ്, സംഖ്യാകി റ്റുകൾ, സംഖ്യാകാർ ഡുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനം | മൂന്ന് മാസം | ഗണിതാധ്യാ പകൻ |
| കുട്ടികളിൽ യുക്തി ചിന്ത, മനക്കണക്കുകൾ എന്നിവയിൽ പ്രാവീ ണ്യം നേടുന്നതിന് | യുക്തിചിന്ത, മനക്കണക്കുകൾ, ഇവ വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തന ങ്ങൾ അധ്യാപിക ബോധ പൂർവ്വം ആസൂത്രണം ചെയ്തു നടപ്പാക്കുന്നു | ജൂലൈ മാർച്ച് | ഗണിതാധ്യാ പകൻ |
| ദൂരമളക്കൽ, നീളമളക്കൽ, ഭാരമളക്കൽ തുടങ്ങിയ പ്രക്രിയ ശേഷികൾ വികസിപ്പിക്കുന്നതിന് | ക്ലാസ് അന്തരീക്ഷം, വിദ്യാലയ അന്തരീക്ഷം തുടങ്ങിയവ പാഠഭാഗത്തിനനുസൃതമായി വിഷയബന്ധിതമാക്കുക | ജൂലൈ മാർച്ച് | ഗണിതാധ്യാ പകൻ പിറ്റിഎ |
| പ്രക്രിയാ ശേഷികൾ വികസിപ്പിക്കുന്നതിന് | പ്രക്രിയാ ശേഷി വികസനത്തിന്റെ നേരനു ഭവങ്ങളിലേക്ക് ഗണിത വർക്ക്ഷോപ്പ് | നവംബർ | ഗണിതാധ്യാ പകൻ, എച്ച് എം, പിറ്റിഎ |
| ഗണിത പ്രവർത്തന ഫലമായി ക്ലാസ് റൂമുകളിൽ കുട്ടികൾ | മാഗസിൻ തയ്യാറാക്കൽ | ഡിസംബർ | ഗണിതാധ്യാ പകൻ |

| | | | |
|---|---|---|---|
| രൂപീകരിക്കുന്ന പസിലുകൾ, പാറ്റേണുകൾ, മാന്ത്രികചതുരങ്ങൾ ഇവ ഉൾപ്പെടുത്തി ഗണിത പതിപ്പുകൾ മാഗസിനുകൾ | | | |
| ഗണിതത്തിൽ താൽപര്യം വളർത്തൽ | ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ, ഗണിത കൗതുകങ്ങൾ (പുസ്തകങ്ങൾ), ഗണിത മാഗസിനുകൾ, പതിപ്പുകൾ ഇവയുടെ നിർമ്മാണം നിത്യജീവിതാനുഭവങ്ങളുമായി ഗണിതത്തെ ബന്ധപ്പെടുത്തൽ | ഡിസംബർ ജനുവരി | പിറ്റിഎ എച്ച്എം, ഗണിതാധ്യാപകൻ, ബിആർസി |
| ഗണിത പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പിക്കുന്നതിനും ഗണിത മൂല ഓരോ ക്ലാസ് മുറിയിലും | ഗണിത മൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഗണിത പഠനസാമഗ്രികൾ, സഹായികൾ എന്നിവ ശേഖരിക്കൽ ഗണിത മൂല ഒരുക്കൽ | ജനുവരി | ബിആർസി, പിറ്റിഎ, എച്ച്എം, ഗണിതാധ്യാപകൻ |
| ഗണിതത്തിന്റെ ദീർഘകാലാടിസ്ഥാനത്തിൽ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ | ഗണിത ലാബ്, ഗണിത ലൈബ്രറി, ഗണിത പ്രതിഭകളെ സൃഷ്ടിക്കൽ | | ബിആർസി പിറ്റിഎ എച്ച്എം അധ്യാപകൻ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ്സ് – 2 ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| ലോ കോസ്റ്റ്, സീറോ കോസ്റ്റ് സാമഗ്രികൾ ഉപയോഗിച്ച് ശാ സ്ത്ര പാഠ്യപദ്ധതി വിനിമയം ചെയ്യൽ കുട്ടികളിൽ ശാസ്ത്ര പ്രക്രിയാശേഷി പരിപോഷിപ്പിച്ച് കുട്ടി ശാസ്ത്രജ്ഞൻ മാരെ വളർത്തുക | <u>മുങ്ങാം പൊങ്ങാം</u> പാഠവിശകലനം, പരീ ക്ഷണം ലിസ്റ്റു ചെയ്യൽ, സാമഗ്രികൾ കണ്ടെത്തൽ, പരീക്ഷണ വസ്തുക്കളുടെ ഉറവിടം കണ്ടെത്തൽ, ശാസ്ത്രമൂല ഒരുക്കൽ | ഒരു മാസം | ബിആർസി പിറ്റിഎ എച്ച്എം അധ്യാപകൻ |
| | <u>അലിയുന്നതും അലിയാത്തതും</u> അവതരണം (എല്ലാ കുട്ടികൾക്കും അവസരം), രേഖപ്പെടുത്തൽ, സൂചകം തയ്യാറാക്കൽ, വിലയിരുത്തൽ, പരീക്ഷണ കുറിപ്പ്, പട്ടിക, അപഗ്രഥനം, നിഗമനം, ശാസ്ത്രോത്സവം, പ്രദർശനം | രണ്ട് മാസം | പിറ്റിഎ എച്ച്എം അധ്യാപകൻ |
| തന്റെ ചുറ്റുപാടുകൾ നിരീക്ഷിച്ച് ശാസ്ത്രബോധമുള്ള കുട്ടികളെ വാർത്തെടുക്കൽ | <u>സ്വന്തം വീട്</u> ചിത്രം വരക്കുന്നു, സ്വന്തം വീട്, വരയിലെ കൃത്യത <u>കണ്ടറിയാം തൊട്ടറിയാം</u> ചിത്രനിരീക്ഷണം, ഫീൽഡ് ട്രിപ്പ്, നിരീക്ഷണ കുറിപ്പ്, വിലയിരുത്തൽ, ചെക്ക്ലിസ്റ്റ് തയ്യാറാക്കൽ, വിലയിരുത്തൽ, ഐസിറ്റി ഉപയോഗം | ജൂൺ മാർച്ച് | പിറ്റിഎ അധ്യാപകർ എസ്ആർജി കൺവീനർ |

| | | | |
|---|---|---|---|
| സൂക്ഷ്മനിരീക്ഷണത്തിലൂടെ പ്രകൃതിയെ അറിയുകയും സംരക്ഷിക്കുകയും ചെയ്യാനുള്ള താൽപര്യം വളർത്തിയെടുക്കൽ | ഫീൽഡ് ട്രിപ്പ് വിവിധ വീടുകൾ കാണുന്നു, ആശയഭൂപടം (വീട്ടിൽ എന്തെല്ലാം), പുറം വാതിൽ പഠനസാധ്യത (വീടുകൾ, സസ്യങ്ങൾ, ....... യൂണിറ്റിനനുസരിച്ച്) | | പിറ്റിഎ എച്ച്എം അധ്യാപകൻ |
| ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്വയം ശേഖരിക്കാനും അവതരിപ്പിക്കുന്നതിനും | സെമിനാർ, ശിൽപശാലകൾ, പാനൽ ഡിസ്ക്കഷൻ, ഡിബേറ്റ് | | എച്ച്എം പിറ്റിഎ എസ്ആർജി കൺവീനർ ബിആർസി |
| പരിസരപഠന പ്രവർത്തനങ്ങൾ പലപ്രദമാക്കുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും ശാസ്ത്രമൂല ഉറപ്പാക്കൽ | ക്ലാസിലേക്കുവേണ്ട ശാസ്ത്രപഠനത്തിന് സഹായകമായി ശാസ്ത്രമേഖലയിൽ ഉണ്ടായിരിക്കേണ്ട ലിസ്റ്റ് ചെയ്യുന്നു | ജൂൺ | ബിആർസി പിറ്റിഎ എച്ച്എം |
| | തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ എന്ന് തിരിക്കുന്നു | ജൂലൈ | |
| | ശാസ്ത്രപഠനാന്തരീക്ഷം, വിസ്മയ ചുവർ ഇവ ക്ലാസിൽ തയ്യാറാക്കൽ | | |
| | ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ്സ് നിലവാരത്തിലുള്ളത് വാങ്ങൽ | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 2** **ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ പഠിക്കുന്നതിനും ഒഴുക്കോടെ സംസാരിക്കുന്നതിനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | <u>മികവിന്റെ വഴികൾ</u> ഭാഷാ അടിസ്ഥാന വിദ്യാഭ്യാസം മുതൽ നടപ്പിലാക്കുക, മുന്നറിവുകൾ പരിശോധിക്കുന്നു, അക്ഷരങ്ങൾ ഉറപ്പിക്കുക, പദനിർമ്മാണം | മൂന്ന് മാസം | എച്ച് എം അധ്യാപകൻ |
| പാഠ്യപദ്ധതി ലക്ഷ്യമിടുന്ന ഇംഗ്ലീഷ് പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പാക്കുക | <u>വായനാവസന്തം</u> ക്ലാസ് ലൈബ്രറി, വായനാകുറിപ്പ്, പദനിർമ്മാണം, വായന | ആറ് മാസം | പിറ്റിഎ അധ്യാപകൻ |
| വായനയിലൂടെയും എഴുത്തിലൂടെയും ഇംഗ്ലീഷ് ഭാഷ വളർത്തുക | <u>എഴുത്തുത്സവം</u> പദനിർമ്മാണം, ചുമർ പത്രിക, ചെറു കുട്ടി പാട്ടുകൾ | പന്ത്രണ്ട് മാസം | പിറ്റിഎ എച്ച്എം |
| മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിൽ വളർത്തുക | <u>ആശയവിനിമയം</u> ഇംഗ്ലീഷ് അസംബ്ലി, ക്ലാസ്സിൽ ചെറുവാക്കുകൾ പ്രയോഗിക്കൽ | പന്ത്രണ്ട് മാസം | എച്ച്എം പിറ്റിഎ |
| സർഗ്ഗശേഷികൾ വികസിപ്പിക്കുക | <u>ലാംഗ്വേജ് ലാബ്</u> ചിത്രങ്ങൾ, സിനിമ, കാർട്ടൂൺ, കവിതകൾ | പന്ത്രണ്ട് മാസം | ബിആർസി പിറ്റിഎ എച്ച്എം |
| എല്ലാ കുട്ടികളേയും ഇംഗ്ലീഷ് പ്രയോഗത്തിൽ | <u>ഇംഗ്ലീഷ് ഫെസ്റ്റ്</u> മത്സരങ്ങൾ നടത്തുക, കവിതകൾ, പോയം, | മൂന്ന് മാസം കൂടുമ്പോൾ | ബിആർസി, പിറ്റിഎ, എച്ച്എം |

| | | | |
|---|---|---|---|
| മികച്ചതാക്കുക | പ്രസംഗം മുതലായവ | | |
| കളികളിലൂടെയുള്ള ഭാഷാ പഠനം | പദപ്രശ്നനിർമ്മാണം<br>ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുക, നിശ്ചിത സമയം അനുവദിക്കുക, നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുക | എല്ലാ മാസവും | ബിആർസി, പിറ്റിഎ, അധ്യാപകൻ |
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലീഷ് കോർണർ<br>ഇംഗ്ലീഷ് ന്യൂസ്പേപ്പർ, മാഗസിൻ, പതിപ്പുകൾ, പദചാർട്ടുകൾ മുതലായവ | | ബിആർസി എച്ച്എം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 3** **ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ പഠിക്കുന്നതിനും ഒഴുക്കോടെ സംസാരിക്കുന്നതിനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | <u>മികവിന്റെ വഴികൾ</u> ഒന്നാം ക്ലാസ്സ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക, മുന്നറിവ് പരിശോധിക്കുക, അക്ഷരങ്ങൾ ഉറപ്പിക്കൽ, വാക്കുകളുടെ നിർമ്മാണം ഭാഷകളിൽ | രണ്ട് മാസം | ബിആർസി, പിറ്റിഎ, എസ്എംസി |
| കരിക്കുലം ലക്ഷ്യമിടുന്ന ഇംഗ്ലീഷ് പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | <u>വായനാവസന്തം</u> വായനാമത്സരം, ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, വായനാകുറിപ്പുകൾ, പത്രപാരായണം | ആറ് മാസം | ബിആർസി, എസ്എംസി, പിറ്റിഎ |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമിൽ ഒരുക്കുക | <u>എഴുത്തുത്സവം</u> പതിപ്പു നിർമ്മാണം, മാഗസിൻ നിർമ്മാണം, ചുമർ പത്രിക നിർമ്മാണം | പന്ത്രണ്ട് മാസം | പിറ്റിഎ ബിആർസി |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാപഠനത്തിലൂടെ ഉറപ്പുവരുത്തുക | <u>ഇംഗ്ലീഷ് കമ്യൂണിക്കേഷൻ</u> ഇംഗ്ലീഷിൽ ക്ലാസിൽ സംസാരിക്കുക, ഇംഗ്ലീഷ് സ്കൂളിൽ പരമാവധി സംസാരിക്കുക ഫോണിൽ സംസാരിക്കു, | ഇരുപത്തി നാല് മാസം | |

| | | | |
|---|---|---|---|
| ഭാഷാപഠനത്തിൽ ഐസിടി സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ഫെസ്റ്റ് | | |
| സർഗ്ഗശേഷികൾ ഭാഷാപഠനത്തിലൂടെ വികസിപ്പിക്കുക | ലാംഗേജ് ലാബ് ഇംഗ്ലീഷ് സാഹിത്യശേഖരങ്ങൾ, ചിത്രങ്ങൾ, സിനിമ, സോഷ്യൽ മീഡിയ | ഇരുപത്തിയാറ് മാസം | ബിആർസി, എസ്എംസി, പിറ്റിഎ |
| എല്ലാ കുട്ടികളെയും നല്ല കലാപ്രതിഭകളാക്കുക | ഇംഗ്ലീഷ് ഫെസ്റ്റ് നല്ല മത്സരങ്ങൾ നടത്തുക, കുട്ടികളുടെ പങ്കാളിത്തം കൂട്ടുക, പൊതുവേദികളിൽ നടത്തുക | പത്ത് മാസം | ബിആർസി, എസ്എംസി, പിറ്റിഎ |
| പാടാനും പറയാനും ആടാനുമുള്ള പ്രതിഭകളെ കണ്ടെത്തൽ | നല്ല ആസ്വാദനം കുട്ടികൾക്കു ആസ്വദിക്കാനും ശ്രവിക്കാനുമുള്ള അവസരമുണ്ടാക്കുക, ഒത്തുചേരൽ, എൽസിഡി പ്രോജക്ടുകളുപയോഗിച്ച് കഥകൾ, അനിമേഷനുകൾ എന്നിവ നടത്തുക | പത്ത് മാസം | ബിആർസി, എസ്എംസി, പിറ്റിഎ |
| നല്ല മനോഭാവം ഭാഷാപഠനത്തിലൂടെ സാധ്യമാക്കുക മൂല്യങ്ങൾ വർദ്ധിക്കുക | ദിനാചരണങ്ങൾ സംഘടിപ്പിക്കുക. കഥ, കവിത, ചിത്രം എന്നിവയുടെ ശേഖരണം സ്ഥാപനങ്ങൾ, വീടുകൾ സന്ദർശനം | പന്ത്രണ്ട് മാസം | പിറ്റിഎ |
| എല്ലാകുട്ടികൾക്കും | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയി | |

| | | | |
|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ രണ്ട് ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ, ഓരോ ക്ലാസ്സുകാർക്കും ഇടവിട്ട് ചുമതല നൽകൽ | ൽ രണ്ട് ദിവസം | |
| കുട്ടികളിലൂടെയുള്ള ഭാഷാപഠനം | പദപ്രശ്ന നിർമ്മണം<br>ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്കു ഉത്തരം കണ്ടെത്താനുള്ള നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് |
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലീഷ് കോർണർ<br>ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം,കുട്ടികൾക്കു കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ, പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 3** **ഗണിതം**

| **ലക്ഷ്യം** | **പ്രവർത്തനം** | **സമയം** | **ചുമതല/ വിഭവ സമാഹരണം** |
|---|---|---|---|
| കണക്കിൽ കുട്ടിക ളുടെ അഭിരുചി അറിയുന്നതിന് | <u>ഗണിതത്തിന്റെ വഴിയിൽ</u> സംഖ്യാബോധം തിരിച്ചറയൽ മുന്നറിവ് പരിശോധന സങ്കലനം, വ്യവകലനം ഉറപ്പിക്കൽ | ഒരു മാസം | ബിആർസി എസ്എംസി പിറ്റിഎ |
| കുട്ടികളെ അഭിരുചിക്കനുസരി ച്ച് ഗണിതത്തെ ഇഷ്ടപ്പെടുത്തൽ | <u>ഗണിതാന്മദനം</u> സംഖ്യ, കളികൾ, നിർമിതികൾ, നിറം നൽകൽ | രണ്ടോ മൂന്നോ മാസം | ബിആർസി എസ്എംസി പിറ്റിഎ |
| കുട്ടികളിൽ സംഖ്യാബോധവും സങ്കലനവും വ്യവകലനവും വളർത്തുക | <u>അബാക്കസ്</u> അബാക്കസ് നിർമ്മണം, സംഖ്യാമാല, സംഖ്യ പോക്കറ്റ് | പത്ത് മാസം | ബിആർസി എസ്എംസി പിറ്റിഎ |
| കുട്ടികളിൽ പ്രക്രിയ ശേഷിയും വികസിപ്പിക്കുന്നതിന് | <u>അളവോത്സവം</u> ഭാരമളക്കാൻ, ദൂരമളക്കാൻ, നീളമളക്കാൻ, ക്ലാസ് റൂം ചുറ്റളവ് തിരിച്ചറിയൽ, കൂട്ടുകാരുടെ ഉയരം തിരിച്ചറിയൽ | പത്ത് മാസം | ഗണിതാധ്യാ പകൻ, ഗണിത ക്ലബ്ബ്, എസ്എംസി |
| ജീവിതവും ഗണിതവും തമ്മിൽ ബന്ധിപ്പിക്കൽ | <u>ജീവന്റെ ഗണിതം</u> വില അറിയൽ, തൂക്കം അറിയൽ, രൂപ തിരിച്ചറിയൽ | പത്ത് മാസം | ബിആർസി എസ്എംസി പിറ്റിഎ |
| കളികളിലൂടെ ഗണിതപഠനം ആസ്വാദ്യകരമാക്കു | <u>കളിയും ഗണിതവും</u> സംഖ്യ, കളികൾ, ചിത്രഗണിതം, ടാൻഗ്രാം | പന്ത്രണ്ട് മാസം | ഗണിതാധ്യാ പകൻ, പിറ്റിഎ |

| | | | |
|---|---|---|---|
| ന്നതിന് | | | എസ്എംസി |
| ഗണിത പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഗണിതമൂല ഗണിതപ്രസിദ്ധീകരണങ്ങൾ, പഠനോപകരണങ്ങൾ, ക്വിസ് മത്സരങ്ങൾ, ചുമർപത്രിക നിർമ്മാണം, ജ്യാമിതീയ രൂപം നിർമ്മാണം, മാസിക തയ്യാറാക്കൽ | പന്ത്രണ്ട് മാസം | ബിആർസി എസ്എംസി പിറ്റിഎ |
| ഗണിതപഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതലാബ് സജ്ജീകരിക്കൽ വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിതക്ലാസ് നടത്തൽ | ആവശ്യാനുസരണം | ബിആർസി എസ്എംസി |
| ഗണിതം മധുരതരമാക്കൽ | ഗണിതപാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ബിആർസി എസ്എംസി |
| രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമി ശിൽപശാല ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ബിആർസി എസ്എംസി |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 3** **മലയാളം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ, അക്ഷരകാർഡ് നൽകൽ, വാക്കുകൾ എഴുതിയ കാർഡ്, വാക്കുകൾ നിർമ്മിക്കുക, വാക്യങ്ങൾ നിർമ്മിക്കൽ, ചിത്രം അടിക്കുറിപ്പ്, ചിത്രം കഥ പറയൽ, ചിത്രം കഥ എഴുതൽ, കഥ ബാക്കി എഴുതൽ, കഥാ പുസ്തകം നൽകൽ, സിഡിയിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ, ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | രണ്ട് മാസം ആഗസ്ത് – സെപ്തം ബർ | ബിആർസി ഡിഐഇറ്റി പിറ്റിഎ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ, സ്കൂൾ ലൈബ്രറി നവീകരിക്കൽ, സമീപ ഗ്രന്ഥശാല അംഗത്വം, വായനോത്സവം സംഘടിപ്പിക്കൽ, പത്രവായന, അമ്മവായന, പുസ്തക ചർച്ച, വായനാനുഭവം പങ്കുവ യ്ക്കൽ, വായനാകുറിപ്പ് പതിപ്പ്, വിദ്യാരംഗം | ആറ് മാസം | ബിആർസി പിറ്റിഎ |

| | | | |
|---|---|---|---|
| | കലാസാഹിത്യവേദി പ്രവർത്തനം ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ, ദിനാചരണങ്ങൾ, സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും, വായനാ സാമഗ്രികൾ വികസിപ്പിക്കൽ | | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | പുസ്തക ചർച്ച, ക്ലാസ് ലൈബ്രറി, വായനാക്കുറിപ്പ് പതിപ്പ്, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ, സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ, വായനാക്കുറിപ്പ്, ആസ്വാദന ക്കുറിപ്പ്, വ്യക്തിഗത രചന, സംഘരചന, ഭാഷാപ്രോജക്ട് | ആറ് മാസം | ബിആർസി പിറ്റിഎ അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 3** **പരിസരപഠനം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| ശാസ്ത്ര താൽപര്യം വളർത്തുന്നതിന്, ശാസ്ത്രാവബോധം വളർത്തുന്നതിന്, പരിസ്ഥിതിയെ അടുത്തറിയൽ | • അക്വോറിയം സജ്ജമാക്കുക.<br>• ജൈവവൈവിദ്ധ്യ പാർക്ക്,<br>• ഔഷധത്തോട്ട നിർമ്മാണം,കരനെൽ കൃഷി,<br>• ഫീൽഡ് ട്രിപ്പ്, പഠനയാത്ര | ആറ് മാസം | ശാസ്ത്ര ക്ലബ്ബ് |
| ശാസ്ത്രപഠനപ്രവർത്തനങ്ങൾ ഫലപ്രദമാകുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും ശാസ്ത്രമൂല ഉറപ്പാക്കൽ | • പ്രഥമശുശ്രൂഷ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>• ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.<br>• അഭിമുഖം (കർഷകൻ, ശാസ്ത്രപ്രതിഭകൾ),<br>• ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• മെഡിക്കൽ ക്യാമ്പ്. | | ശാസ്ത്ര ക്ലബ്ബ് |
| സൂക്ഷ്മ നിരീക്ഷണത്തിലൂടെ പ്രകൃതിയെ അറിയുകയും സംരക്ഷിക്കുകയും ചെയ്യാനുള്ള താൽപര്യം വളർത്തിയെടുക്കൽ | • മാലിന്യ സംസ്കരണവുമായി ബന്ധപ്പെടുത്തി ജൈവ അജൈവ മാലിന്യത്തെ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കുന്നു.<br>• പുഴ മലിനീകരണം പരിസ്ഥിതസംരക്ഷണം | | ശാസ്ത്ര ക്ലബ്ബ് |

| | | | |
|---|---|---|---|
| | എന്നിവയുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം | | |
| ശാസ്ത്രപാഠ്യപദ്ധതി വിനിമയം ചെയ്യാൻ കുട്ടികളിൽ ശാസ്ത്ര പ്രകിയ ശേഷി പരിപോഷിപ്പിച്ച് കുട്ടി ശാസ്ത്ര ജ്ഞന്മാരെ വളർത്തുക | • പുരാവസ്തു ശേഖരണം, മാതൃകാനിർമ്മാണം,<br>• പരീക്ഷണങ്ങൾക്ക് അവസരം നൽകുകയും മികച്ച ശാസ്ത്ര പ്രതിഭയെ കണ്ടെത്തി സമ്മാനം നൽകുകയും ചെയ്യുന്നു.<br>• പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ പരിചയപ്പെടുത്തി.<br>• ക്യാരി ബാഗ് നിർമ്മാണം പരിചയപ്പെടുത്തുന്നു<br>• ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ.<br>• കർഷകദിനാചരണം, ചന്ദ്രാദിനാചരണം, പരിസ്ഥിതി ദിനം എന്നിവ ആചരിക്കുന്നു.<br>• വിസ്മയ ചുമർ ഇവ ക്ലാസിൽ തയ്യാറാക്കൽ | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 4** **മലയാളം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| മലയാളം ഒഴുക്കോടെയും സ്പുടതയോടെയും വായിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കുന്നതിന് | • പത്രവായന<br>• ക്ലാസ് ലൈബ്രറി പ്രയോജനപ്പെടുത്തി<br>• പുസ്തക വായന<br>• ഗ്രന്ഥശാല സന്ദർശനം<br>• അംഗത്വം സ്വീകരിക്കുക<br>• വായനാ മത്സരം നടത്തി മികച്ച വായനക്കാരെ കണ്ടെത്തി സമ്മാനദാനം | ഒരു വർഷം | ക്ലാസ് ടീച്ചർ പിറ്റിഎ |
| മലയാളം അക്ഷരത്തെറ്റില്ലാതെ എഴുതുവാനുള്ള ശേഷി വികസിപ്പിക്കുന്നതിന് | • ചെറുകഥാരചന<br>• ചെറുകവിതാചന<br>• ചെറുകഥ, കവിത എന്നിവ പരസ്പരം കൈമാറി വായിച്ച് തെറ്റുകൾ തിരുത്തുന്നു.<br>• പോസ്ററർ നിർമ്മാണം<br>• പ്രകൃതിയെ നിരീക്ഷിച്ച് കഥ രചന, കവിതാരചന എന്നിവ നടത്തുന്നു (ഐസിറ്റി സാധ്യത പ്രയോജനപ്പെടുത്തി)<br>• പ്രകൃതിയെ സംരക്ഷണവു | ആറ് മാസം | പിറ്റിഎ എച്ച്എം ബിആർസി |

| | | | |
|---|---|---|---|
| | മായി ബന്ധപ്പെട്ട തെരുവുനാടകം<br>• കഥ, കവിത, സ്ഫുടമായി അവതരിപ്പിക്കുന്നു. (ഐസിറ്റി സാധ്യത)<br>• ഐസിറ്റി സാധ്യത പ്രയോജനപ്പെടുത്തി കവികൾ, എഴുത്തുകാർ എന്നിവരെയും അവരുടെ പുസ്തകങ്ങളും പരിചയപ്പെടുത്തുന്നു | | |
| സർഗ്ഗപരത ഭാഷാപഠനത്തിലൂടെ വികസിപ്പിക്കുക | • പത്രനിർമ്മാണം (ആഴ്ചയിലൊന്ന്)<br>• അച്ചടിച്ച സ്കൂൾ പത്രം സർഗ്ഗസൃഷ്ടികൾ ഉൾപ്പെടുത്തി (ടേമിൽ ഒന്ന് വീതം)<br>• അച്ചടിച്ച മാഗസിൻ<br>• കൈയ്യെഴുത്ത് മത്സരം | മധ്യമം | |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ വികസിപ്പി ക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ | • പ്രസംഗ പരിശീലനം<br>• പ്രസംഗ മത്സരം<br>• അഭിമുഖ സംഭാഷണം (ഐസിറ്റി)<br>• നാടൻ ഭക്ഷ്യമേള (പത്രമാധ്യമം, നവമാധ്യമം എന്നിവയിലൂടെ സമൂഹമധ്യത്തിലെത്തിക്കുന്നു.) | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ്സ് - 4 പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| ശാസ്ത്രതാൽപര്യം വളർത്തുന്നതിന് | • ജൈവവൈവിധ്യ പാർക്കിൽ സസ്യ നിരീക്ഷണം<br>• കരനെൽകൃഷി ചെയ്യൽ<br>• ഔഷധത്തോട്ട നിർമ്മാണം<br>• അക്വോറിയം സജ്ജമാക്കുന്നു | ഒരു വർഷം | പിറ്റിഎ അധ്യാപിക എസ്ആർജി ബിആർസി എച്ച്എം |
| സൂക്ഷ്മ നിരീക്ഷണത്തിലൂടെ പ്രകൃതിയെ അറിയുകയും സംരക്ഷിക്കുകയം ചെയ്യാനുള്ള താൽപര്യം വളർത്തിയെടുക്കാൻ | • പരീക്ഷണങ്ങൾക്ക് അവസരം നൽകുകയും മികച്ച ശാസ്ത്രപ്രതിഭയെ കണ്ടെത്തി സമ്മാനം നൽകുകയും ചെയ്യുന്നു.<br>• സീഡ്, നല്ലപാഠം പദ്ധതിയുമായി ബന്ധപ്പെടുത്തി ആവാസ വ്യവസ്ഥയിൽ അധിഷ്ടിതമായ സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കുന്നു.<br>• പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ പരിചയപ്പെടുത്തി ക്യാരി ബാഗിന്റെ നിർമ്മാണം | രണ്ട് മാസം | പിറ്റിഎ അധ്യാപിക എസ്ആർജി ബിആർസി എച്ച്എം |

| | | | |
|---|---|---|---|
| | പരിചയപ്പെടുത്തുന്നു<br>• ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു<br>• ചരിത്രസംഭവങ്ങൾ ഐസിറ്റി പ്രയോജന പ്പെടുത്തി കാണാൻ അവസരം നൽകുന്നു.<br>• കർഷകദിനാചരണം സംഘടിപ്പിക്കുന്നു.<br>• മാലിന്യ സംസ്കരണ വുമായി ബന്ധപ്പെടുത്തി ജൈവ, അജൈവ മാലിന്യത്തെ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കുന്നു<br>• പ്രകൃതി സംരക്ഷണവും പ്രകൃതിയെ ദുര്യോപ യോഗം ചെയ്യുന്നതിലൂടെ പ്രകൃതിക്ക് സംഭവിക്കുന്ന നാശവും ഐസിറ്റി സാധ്യത പ്രയോജനപ്പെടു ത്തി വിശദീകരിക്കുന്നു<br>• ബോധവൽക്കരണ ക്ലാസുകൾ<br>• പുഴമലിനീകരണം, പരിസ്ഥിതി സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം<br>• ലഘുരേഖകളുമായി | | |

| | | | |
|---|---|---|---|
| | ഗൃഹസന്ദർശനം | | |
| ശാസ്ത്രപാഠ്യപദ്ധതി വിനിമയം ചെയ്യാൻ കുട്ടികളിൽ ശാസ്ത്രപ്രക്രിയശേഷി പരിപോഷിപ്പിച്ച് കുട്ടി ശാസ്ത്ര ജ്ഞൻമാരെ വളർത്തുക | • പ്രഥമശ്രുശ്രൂഷ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു (ഐസിറ്റി സാധ്യത ഉപയോഗിച്ച്)<br>• മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു<br>• ദേശീയ ദിനാചരണങ്ങൾ<br>• ചരിത്രസംഭവങ്ങൾ സാമൂഹിക പരിഷ്കർത്താക്കൾ, അവരുടെ സേവനം ഐസിറ്റി ഉപയോഗിച്ച് വ്യക്തമാക്കുന്നു<br>• അഭിമുഖം (കർഷകർ, ശാസ്ത്രപ്രതിഭകൾ, പൊതുസ്ഥാപന അധികാരികൾ)<br>• പൊതുസ്ഥാപന സന്ദർശനം<br>• ചരിത്രസ്മാരകങ്ങൾ, പാർലമെന്റ്, പുരാവസ്തു, ഗവേഷണകേന്ദ്രങ്ങൾ, മൃഗശാല എന്നിവയുടെ സന്ദർശനം | ആറ് മാസം | പിറ്റിഎ<br>അധ്യാപിക<br>എസ്ആർജി<br>ബിആർസി<br>എച്ച്എം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ്സ് - 4 ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| ഇംഗ്ലീഷിൽ എഴുതാൻ ശേഷി നേടാൻ | • ഓരോ ദിവസത്തെയും പ്രധാനകാര്യങ്ങൾ ഡയറിക്കുറിപ്പായി എഴുതുന്നു<br>• എന്റെ ഡയറിക്കുറിപ്പുകൾ ബുക്കാക്കുന്നു<br>• പ്രദർശനം | ദീർഘകാലം | ക്ലാസ് ടീച്ചർ, എച്ച്എം, ബിആർസി, പിറ്റിഎ |
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്കു പയോഗിക്കൽ | • പാഠഭാഗം നാടകമാക്കാം<br>• സിപിറ്റിഎ, കോർണർ പിറ്റിഎ എന്നിവയില വതരണം<br>• ഹലോ ഇംഗ്ലീഷ് കാര്യക്ഷമമാക്കാം<br>• സംഭാഷണം<br>• സ്കിറ്റ് | മധ്യമം | ക്ലാസ് ടീച്ചർ, എച്ച്എം, ബിആർസി, പിറ്റിഎ |
| ഇംഗ്ലീഷ് വായിക്കാനും കൂടുതൽ വൊക്കാബുലറി നേടാനും | • 5 ഇംഗ്ലീഷ് ന്യൂസ് പത്രത്തിൽ നിന്നും വായന<br>• ന്യൂസ് പേപ്പറിലെ 5 അപരിചിത പദങ്ങൾ കണ്ടെത്തി അർത്ഥം കുറിക്കൽ<br>• മൈ ഓൺ ഇംഗ്ലീഷ് | ദീർഘകാലം | ക്ലാസ് ടീച്ചർ, എച്ച്എം, ബിആർസി, പിറ്റിഎ എസ്എംസി |

| | | | |
|---|---|---|---|
| | ഡിക്ഷ്ണറി ഉണ്ടാക്കുന്നു.<br>• കുട്ടികളുടെ ഡിക്ഷ്ണറി ക്ലാസ് ലൈബ്രറിയിൽ | | |
| ഇംഗ്ലീഷ് ഭാഷയോട് താൽപര്യം ഉണർത്തുന്നതിന് | • ചെറുകഥകൾ, പാട്ടുകൾ എന്നിവയുടെ പുസ്തകങ്ങൾ<br>• സിഡി ഡയലോഗ്<br>• പ്രൊഫൈൽ മാതൃകകൾ<br>• ഡയലോഗ് നിർമ്മാണം (കഥകളുടെ ചിത്രങ്ങൾ ബിഗ് സ്ക്രീനിൽ കാണിക്കുന്നു)<br>• വായനാ കാർഡുകൾ | മധ്യമം | ക്ലാസ് ടീച്ചർ, എച്ച്എം, ബിആർസി, പിറ്റിഎ എസ്എംസി |
| ഇംഗ്ലീഷ് ഭാഷയുടെ അവതരണത്തിൽ പ്രാവീണ്യം നേടുക | • ഇംഗ്ലീഷ് അസംബ്ലി - കുട്ടികൾ നടത്തുന്നു.<br>• ക്ലാസ്മുറികളിൽ, ഓഫീസിൽ ഇംഗ്ലീഷ്<br>• സ്റ്റോറി മേക്കിംഗ്<br>• ഇംഗ്ലീഷ് മാഗസിൻ (കൈയ്യെഴുത്ത്)<br>• തിങ്കളാഴ്ചകളിൽ ഇംഗ്ലീഷ് കുട്ടിച്ചത്രം<br>• അച്ചടിച്ച ഇംഗ്ലീഷ് മാഗസിൻ<br>• പത്രമാധ്യമങ്ങളിൽ ഇംഗ്ലീഷ് സർഗസൃഷ്ടികളുടെ അവതരണം | ദീർഘകാലം | ക്ലാസ് ടീച്ചർ, എച്ച്എം, ബിആർസി, പിറ്റിഎ എസ്എംസി |

| | | | |
|---|---|---|---|
| | • എല്ലാ ദിവസവും ഒരു മണിക്കൂർ ഇംഗ്ലീഷിൽ സംസാരിക്കാം<br>• ഇംഗ്ലീഷിൽ വായനാക്കുറിപ്പ്<br>• മാസത്തിലെ ആദ്യബാലസഭ ഇംഗ്ലീഷിൽ<br>• അംഗനവാടി നേഴ്സറി സന്ദർശനം, നേഴ്സറി റെയ്തംസുമായി അവരോടൊപ്പം ഒരു ദിവസം | | |
| കളികളിലൂടെയുള്ള ഭാഷാപടനം | • റിഡിൽസ് നൽകുന്നു<br>• പദപ്രശ്നങ്ങൾ<br>• ജി കെ ചോദ്യങ്ങൾ | ദീർഘ കാലം | ക്ലാസ് ടീച്ചർ, എച്ച്എം, പിറ്റിഎ എസ്എംസി |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 4** **ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| ഗണിതപഠനം സുഗമമാക്കൽ | • സ്കെയിൽ, കോമ്പസ്, ക്ലോക്ക്, അളവുപാത്ര ങ്ങൾ, കലണ്ടർ മുതലായവ ഉൾപ്പെടുത്തി ക്ലാസിൽ ഗണിതലാബ് സജ്ജീകരിക്കുന്നു. ഐസിറ്റി സാധ്യത പ്രയോജനപ്പെടുത്തുന്നു | വർഷത്തി ൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ പിറ്റിഎ ബിആർസി |
| ഗണിതം രസകരമാക്കാൻ | • നിർമ്മാണപ്രവർത്തനങ്ങൾ (രൂപങ്ങൾ, സ്കെയിൽ, ക്ലോക്ക്, 24 മണിക്കൂർ ക്ലോക്ക് മുതലായവ)<br>• ടാൻ ഗ്രാം<br>• ഐസിറ്റി, മോഡലുകൾ | ഒരു വർഷം | ഗണിത അധ്യാപകൻ പിറ്റിഎ ബിആർസി |
| മേളകളിൽ ഉന്നതവിജയം സാധ്യമാക്കാൻ | • പാറ്റേണുകൾ, പസിലുകൾ, ക്വിസ്, മാഗസിൻ, തുടങ്ങിയ വയിൽ പങ്കാളിത്തം ഉറപ്പാക്കാൻ, ഐസിറ്റി സാധ്യത ഉപയോഗിച്ച് വിവിധ മോഡലുകൾ കാണിക്കുന്നു. | ആറ് മാസം | എച്ച്എം, ഗണിതാധ്യാ പകൻ, പിറ്റിഎ, എസ്ആർജി |
| ഗണിതത്തിലെ അഗ്രഗണ്യരെ കണ്ടെത്തുന്നു | • എല്ലാമാസവും ഗണിത ക്വിസ് | ഓരോ മാസവും | എച്ച്എം, ഗണിതാധ്യാ പകൻ, |

| | | | |
|---|---|---|---|
| | • വർഷാവസാനം ടോപ് സ്കോറിനെ കണ്ടെത്തുന്നു | | പിറ്റിഎ, എസ്ആർജി കൺവീനർ |
| കളികളിലൂടെ ഗണിത ആശയങ്ങൾ സ്വായത്തമാക്കുന്നു | • കായികമത്സരങ്ങൾ (സമയം, മിനിറ്റ്, സെക്കന്റ്) | മധ്യമം | എച്ച്എം, ഗണിതാധ്യാപകൻ, കായികാധ്യാപകൻ, പിറ്റിഎ, എസ്ആർജി |
| വിവരങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുന്നു | • ബാങ്ക്, പാൽ സൊസൈറ്റി സന്ദർശനം<br>• ബില്ലുകൾ നിരീക്ഷണം<br>• മെട്രോ റെയിൻ സന്ദർശനം (സമയം) | ഹ്രസ്വം | എച്ച്എം, പിറ്റിഎ, എസ്ആർജി |
| ഗണിത തെളിവുകൾ നേരിട്ട് മനസ്സിലാക്കുന്നു | • ഭാരം അളക്കൽ (കിലോ, ടൺ മുതലായവ)<br>• ഐസിറ്റി (കളിപ്പെട്ടി)<br>• മെട്രിക് മേള | ഹ്രസ്വം | എച്ച്എം, പിറ്റിഎ, എസ്ആർജി |
| ഗണിതത്തിലെ വിവിധ മേഖലകളെ അടുത്തറിയാൻ | • ക്വിസ് മത്സരങ്ങൾ<br>• പ്രദർശനങ്ങൾ മുതലായവ | ഹ്രസ്വം | ഗണിതാധ്യാപകൻ പിറ്റിഎ, എസ്ആർജി |
| രൂപയുടെ മൂല്യത്തെക്കുറിച്ചുള്ള ധാരണയുണ്ടാകുന്നതിന് | • സ്കൂൾ തലത്തിൽ കുട്ടികളുടെതായ ആവശ്യവസ്തുക്കളുടെ വിൽപ്പനകേന്ദ്രം (ഐസിറ്റി കളിപ്പെട്ടി) | ദീർഘകാലം | സ്കൂൾ ലീഡർ, ഗണിതാധ്യാപകൻ, എച്ച്എം, എസ്ആർജി, പിറ്റിഎ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**അറബിക്**

| **ലക്ഷ്യം** | **പ്രവർത്തനം** | **സമയം** | **ചുമതല/ വിഭവ സമാഹരണം** |
|---|---|---|---|
| അറബിഭാഷ പഠിക്കാനും ഒഴു ക്കോടെ സംസാരി ക്കാനുമുള്ള കഴിവ് വികസിപ്പിക്കുക | • മികവിന്റെ വഴിയിൽ<br>• ഒന്നാം ക്ലാസ് മുതൽ ഭാഷശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കാൻ<br>• ഭാഷാ കളികൾ | രണ്ട് മാസം | ബിആർസി<br>പിറ്റിഎ<br>എസ്എംസി |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളി ലും ഉറപ്പുവരുത്തജശ | വായനാ വസന്തം<br>• വായനാമത്സരം<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായനാ കുറിപ്പുകൾ<br>• അറബിക് പത്രവായന<br>• വാർത്ത വായന | ആറ് മാസം | ബിആർസി<br>പിറ്റിഎ<br>എസ്എംസി<br>ഒഎസ്എഫ് |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷ വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് റൂമിൽ ഒരുക്കുക | • എഴുത്തുൽസവം<br>• എഴുത്തുകൂട്ടം<br>• പതിപ്പു നിർമ്മാണം<br>• വായനക്കുറിപ്പ് ശേഖരണം<br>• മാഗസിൻ നിർമ്മാണം<br>• ചുവർപത്രം നിർമ്മാണം<br>• മാസിക നിർമ്മാണം | പന്ത്രണ്ട് മാസം | ബിആർസി<br>പിറ്റിഎ<br>ഡിഐഇറ്റി |

| | | | |
|---|---|---|---|
| വിദ്യാഭ്യാസം വിഭജനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക. ഭാഷ പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | • അറബിക് കമ്യൂണിക്കേഷൻ<br>• അറബിയിൽ ക്ലാസിൽ സംസാരിക്കുക<br>• അറബിയിൽ സ്കൂളിൽ പരമാവധി സംസാരിക്കുക<br>• ഫോണിൽ സംസാരിക്കുക<br>• യാത്രകളിൽ<br>• അറബിക് അസംബ്ലി<br>• അറബിക് കലാപരിപാടി<br>• ഭാഷാ പ്രദർശനം | ഇരുപത്തി നാല് | ബിആർസി പിറ്റിഎ എസ്എംസി |
| സർഗ്ഗകഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക | • അറബിക് ഭാഷാ ലാബ്<br>• അറബിക് സ്മാർട്ട് ക്ലാസ്<br>• അറബി ഭാഷാ സാഹിത്യ ശേഖരങ്ങൾ<br>• ചിത്രങ്ങൾ, സിനിമകൾ<br>• ആനിമേഷൻ, സോഷ്യൽ മീഡിയ | രണ്ട് മാസം | ബിആർസി പിറ്റിഎ എസ്എംസി |
| എല്ലാ കുട്ടികളെയും നല്ല കലാപ്രതിഭകളാക്കുക | • നല്ല മത്സരങ്ങൾ നടത്തുക<br>• കുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക<br>• അവതരണഭംഗി നന്നാക്കുക<br>• പൊതുവേദി ഉണ്ടാക്കുക<br>• അറബിക് ഫെസ്റ്റ് നടത്തുക<br>• കലാമത്സരം നടത്തുക | പത്ത് മാസം | ബിആർസി പിറ്റിഎ എസ്എംസി |

| | | | |
|---|---|---|---|
| പാടാനും പറയാനും ആടാനുമുള്ള പ്രതിഭകളെ കണ്ടെത്തൽ | • കുട്ടികൾക്ക് ആസ്വദിക്കുവാനും ശ്രമിക്കുവാനുമുള്ള അവസരമുണ്ടാക്കുക<br>• ആസ്വാദന സഭചേരൽ<br>• എൽസിഡി ഉപയോഗിച്ച് കഥകൾ, പാട്ടുകൾ സിനിമകൾ കാണുക | പത്ത് മാസം | ബിആർസി പിറ്റിഎ എസ്എംസി |
| നല്ല മനോഭാവം ഭാഷാ പഠനത്തിലൂടെ സാധ്യമാക്കുക | • ദിനാചര നടത്തുക<br>• കഥ, കവിത ചരിത്രം ചിത്രം എന്നിവ ശേഖരണം<br>• സ്ഥാപനങ്ങൾ, വീടുകൾ സന്ദർശനം | പന്ത്രണ്ട് മാസം | പിറ്റിഎ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല/ വിഭവ സമാഹരണം |
|---|---|---|---|
| കുട്ടികളിൽ സാമൂഹിക ബോധം ഉണ്ടാക്കിയെടുക്കുക | നാടിനെ അറിയാം<br>• നാടിന്റെ ചരിത്രവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ നടത്തുക<br>• അഭിമുഖങ്ങൾ നടത്തുക<br>• സ്കൂളിൽ വിവരങ്ങൾ ക്രോഡീകരിച്ച് അച്ചടിച്ച രേഖയായി സൂക്ഷിക്കുക | 10 മാസം | എസ്ആർജി, സിആർസി, പിറ്റിഎ |
| രക്ഷിതാക്കൾക്ക് കുട്ടിയുടെ പഠന വുമായി ബന്ധപ്പെട്ട കൈത്താങ്ങ് നൽ കാൻ സാധിക്കുക | • രക്ഷിതാവിന് ഒരു ക്ലാസ്സ്<br>• ഓരോ മാസവും അതാതുക്ലാസ്സുകളിലെ വിഷയവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്ക് മുൻകൂട്ടി ക്ലാസുകൾ നടത്തുന്നു<br>• പഠനസാമഗ്രികളുടെ നിർമ്മാണത്തിലും പഠനത്തിലും രക്ഷിതാവിന് കുട്ടിയെ സഹായിക്കാൻ സാധിക്കും | 10 മാസം | ക്ലാസ് ടീച്ചർ, എസ്ആർജി, പിറ്റിഎ |

## ഐഇഡിസി കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ

**മലയാളം**

- അക്ഷരപ്പാട്ടുകൾ കേൾപ്പിക്കുക, ചൊല്ലിക്കുക
- അക്ഷരചിത്രങ്ങൾ കാണിക്കുക, വരപ്പിക്കുക
- ചിത്രവായന
- അക്ഷരങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ

**ഗണിതം**

- സംഖ്യാകാർഡുകൾ കാണിക്കു
- സംഖ്യാചിത്രം  അക്കങ്ങൾ ഉപയോഗിച്ച്
- ജൈവവൈവിധ്യ പാർക്ക് ഉപയോഗിച്ച് എണ്ണം പഠിപ്പിക്കാം
- വീഡിയോകൾ (ഗണിതവുമായി ബന്ധപ്പെട്ടവ) കാണിക്കാം

**പരിസര പഠനം**

- ജൈവവൈവിധ പാർക്കുകൾ ബന്ധപ്പെട്ട് അവിടുത്തെ സസ്യജാലങ്ങൾ കണ്ടു മനസിലാക്കൽ
- ഔഷധസസ്യങ്ങൾ, പൂക്കൾ ഉണ്ടാകുന്ന സസ്യങ്ങൾ, പച്ചക്കറികൾ എന്നിങ്ങനെ ജൈവവൈവിധ്യ പാർക്കിലെ സസ്യങ്ങൾ തരംതിരിക്കൽ, നിരീക്ഷിക്കൽ, വീഡിയോസ് പ്രദർശിപ്പിക്കൽ

**ഇംഗ്ലീഷ്**

- ലെറ്റർ കാർഡ്സ് നിർമിക്കൽ
- വീഡിയോ പ്രദർശനം (ലെറ്റർ, റെയ്തം, സ്റ്റോറീസ്)
- ആക്ഷൻ സോംഗ് പരിശീലിപ്പിക്കൽ

## ടാലന്റ് ലാബുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

ബഹുമുഖ പ്രതിഭയാണ് നമ്മുടെ മുന്നിൽ വരുന്ന കുട്ടി അവനിലെ പ്രതിഭ ഏതു മേഖലയിലാണെന്ന് കണ്ടെത്തി ഓരോ മേഖലയിലും പ്രത്യേക പരിശീലനം നൽകുന്നു.

**സംഗീത പ്രതിഭകളെ കണ്ടെത്തൽ - പരിശീലനം നൽകൽ**

- ചെറിയ പാട്ടുകൾ പാടിക്കുന്നു.
- ഈണത്തിൽ പാടിക്കൊടുത്ത് ഏറ്റുചൊല്ലുന്നു
- മികച്ചവരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നു.

**നൃത്തപ്രതിഭകളെ കണ്ടെത്തൽ - പരിശീലനം നൽകൽ**

- ചെറിയ ഡാൻസുകൾ കളിപ്പിക്കുന്നു
- മാതൃകയനുസരിച്ച് കുട്ടി കളിക്കുന്നു
- മികച്ചവരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നു

**നിർമ്മിത പ്രോത്സാഹിപ്പിക്കൽ**

- ചെറിയ കടലാസ് രൂപങ്ങൾ, തീപ്പെട്ടിക്കമ്പ് രൂപങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്നു
- മാതൃകയനുസരിച്ച് നിർമ്മിക്കുന്നു മികച്ചവരെ കണ്ടെത്തി പരിശീലനം നൽകുന്നു

**ഗണിത പ്രതിഭകളെ കണ്ടെത്തി - പരിശീലനം നൽകൽ**

- ചെറിയ കണക്കുകൾ ചെയ്യിക്കുന്നു, ഉത്തരം പറയിക്കുന്നു
- പ്രതിഭകളെ കണ്ടെത്തി മികച്ച പരിശീലനം നൽകൽ